## കേരള കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്

## പുനർ ക്വട്ടേഷൻ പരസ്യം

എ.ഇ(3)1314/17 തീയതി : 24.01.2018

കേരള ഗവർണ്ണർക്കു വേണ്ടി തിരുവനന്തപുരം കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ താഴെപ്പറയുന്ന പ്രവൃത്തിയ്ക്ക് നിശ്ചിത യോഗ്യതയുള്ള അംഗീകൃത കരാറുകാർ/ഏജൻസികളിൽ നിന്നും മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ മുദ്രവച്ച കവറുകളിൽ ക്ഷണിച്ചുകൊള്ളുന്നു. കവറിന്റെ പുറത്ത് പ്രവൃത്തിയുടെ പേര് എഴുതിയിരിക്കേണ്ടതാണ്. ക്വട്ടേഷനുകൾ 02.02.2018 ഉച്ചയ്ക്ക് 2.30 മണി വരെ ഈ ഓഫീസിൽ സ്വീകരിക്കുന്നതും അന്നേ ദിവസം 3.00-ന് ഹാജരുള്ള കരാറുകാരുടേയോ അവർ രേഖാമൂലം അധികാരപ്പെടുത്തുന്ന ഏജന്റുമാരുടേയൊ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. പ്രസ്തുത ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസമായി വന്നാൽ അടുത്ത പ്രവൃത്തി ദിവസം മുകളിൽ പറഞ്ഞ വ്യവസ്ഥയിലും സമയത്തും ക്വട്ടേഷനുകൾ സ്വീകരിക്കുന്നതും തുറക്കുന്നതുമാണ്. പ്രവൃത്തിയെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

| | | |
|---|---|---|
| *പ്രവൃത്തിയുടെ പേര്* | : | *കഴക്കൂട്ടം കോക്കനട്ട് നഴ്സറിയിൽ മഴമറ, പോളി ഹൗസ് എന്നിവയുടെ അറ്റകുറ്റപ്പണികൾ* |
| *അടങ്കൽ തുക* | : | *60,000/- (സർവ്വീസ് ടാക്സ് ഉൾപ്പെടെ)* |
| *നിരതദ്രവ്യം* | : | *1500/- രൂപ* |
| *പണി തീർക്കേണ്ട കാലാവധി* | : | *2 മാസം* |

ക്വട്ടേഷൻ ഷെഡ്യൂൾ തിരുവനന്തപുരം ആനയറയിലുള്ള കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കാര്യാലയത്തിൽ നിന്നും അന്നേ ദിവസം 1-.00 മണി വരെ ലഭിക്കുന്നതാണ്. ക്വട്ടേഷൻ പ്രമാണങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ സമർപ്പിക്കേണ്ടതും, ക്വട്ടേഷൻ പ്രമാണം അംഗീകൃത കരാറുകുർക്കു മാത്രം നൽകുന്നതും ആയത് കൈമാറ്റം ചെയ്യാൻ പാടില്ലാത്തതുമാണ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) തിരുവനന്തപുരം എന്ന പേരിൽ അടച്ച നിശ്ചിത തുകയുടെ ബാങ്ക് ഡ്രാഫ്റ്റ് നിരതദ്രവ്യമായി ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷനോടൊപ്പം 200/- രൂപ മുദ്രപ്പത്രത്തിൽ പ്രിലിമിനറി എഗ്രിമെന്റ് നിശ്ചിത ഫോറത്തിൽ സമർപ്പിക്കേണ്ടതാണ്. പൊതുമരാമത്ത് വകുപ്പിലെ ക്വട്ടേഷനെ സംബന്ധിക്കുന്ന എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
(കൃഷി) തിരുവനന്തപുരം.

കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ്
എഞ്ചിനീയറുടെ കാര്യാലയം
ആനയറ.പി.ഒ, തിരുവനന്തപുരം
*Phone : 0471 2743820 Email aeeagritvm@gmail.com*